**മധുരമായ കുട്ടികളേ – ഉറക്കത്തെ ജയിക്കുന്നവരായിമാറൂ, രാത്രിയിൽ എഴുന്നേറ്റ് ജ്ഞാന ചിന്തനം ചെയ്യൂ, ബാബയുടെ ഓർമ്മയിലിരിക്കൂ, എങ്കിൽ പരിധിയില്ലാത്ത സന്തോഷമുണ്ടാകും.**

**ചോദ്യം:–** ഭാരതത്തിൽ അനേക അവധി ദിനങ്ങൾ ലഭിക്കുന്നു, എന്നാൽ സംഗമയുഗത്തിൽ നിങ്ങൾക്ക് ഒരു സെക്കന്റിന്റെ പോലും അവധി ലഭിക്കുന്നില്ല, എന്തു കൊണ്ട്?

**ഉത്തരം:–** എന്തുകൊണ്ടെന്നാൽ സംഗമത്തിലെ ഓരോരോ സെക്കന്റും വളരെ വിലപിടിച്ചതാണ്, ഇതിൽ ഓരോ ശ്വാസത്തിലും ബാബയുടെ ഓർമ്മയിലിരിക്കണം, രാവും പകലും സേവനം ചെയ്യണം. ആജ്ഞാകാരിയും വിശ്വസ്ഥരുമായി മാറി ഓർമ്മയിലിരുന്ന് വികർമ്മ വിനാശം ചെയ്ത് ബഹുമതിയോടുകൂടി നേരിട്ട് വീട്ടിലേയ്ക്ക് പോകണം, ശിക്ഷകളിൽ നിന്ന് മുക്തമാകണം, ആത്മാവിനേയും ശരീരത്തേയും സ്വർണ്ണസമാനമാക്കി മാറ്റണം, അതുകൊണ്ട് നിങ്ങൾക്ക് ഒരു സെക്കന്റിന്റെ പോലും ഒഴിവില്ല.

**ഗീതം:–** നമ്മുടെ തീർത്ഥസ്ഥാനം വേറിട്ടതാണ്.....

**ഓം ശാന്തി**. കുട്ടികൾക്കറിയാം രണ്ടു തരത്തിലുള്ള തീർത്ഥയാത്രകളുണ്ട് – ഒന്ന് ആത്മീയം, രണ്ട് ഭൗതികം. തീരങ്ങളും രണ്ടു പ്രകാരത്തിലുണ്ട്. ഒന്നാണ് നദീതീരങ്ങൾ. രണ്ടാമത്തേതാണ് തീരങ്ങളായി മാറുന്ന നിങ്ങൾ കുട്ടികളുടെ പുതിയ പുതിയ സെന്ററുകൾ. കാൻപൂരിൽ ജ്ഞാനാമൃതം കുടിക്കാനുള്ള അഥവാ ജ്ഞാനസ്നാനം ചെയ്യാനുള്ള എത്ര തീരങ്ങളുണ്ട് എന്ന് ചോദിച്ചാൽ? അപ്പോൾ പറയും 4 – 5 തീരങ്ങളുണ്ട്. ഓരോ തീരങ്ങളുടെയും അഡ്രസ്സും ലഭിക്കുന്നു. അത് ഇന്ന തീരമാണ്, അവിടെപ്പോയാൽ ജ്ഞാന സ്നാനം ചെയ്യുകയും ജീവൻമുക്തി പ്രാപ്തമാക്കുകയും ചെയ്യാം. കുട്ടികൾക്കറിയാം മുക്തിയും ജീവൻമുക്തിയും എന്തിനെയാണ് പറയുന്നതെന്ന്. ഭാരതം തീർത്തും ജീവൻമുക്തമായിരുന്നു, അതിനെ സ്വർഗ്ഗമെന്നാണ് പറഞ്ഞിരുന്നത്, പിന്നീട് ജീവൻ ബന്ധനത്തിലേയ്ക്ക് വരുമ്പോൾ അതിനെ നരകമെന്ന് പറയപ്പെടുന്നു. നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നു നമ്മളിപ്പോൾ തീർത്ഥ സ്ഥാനത്താണ്, ജ്ഞാന സ്നാനം ചെയ്യുന്നതിലൂടെ മാത്രമേ സദ്ഗതി ലഭിക്കുകയുള്ളൂ. സദ്ഗതിയുടെ സാക്ഷാത്ക്കാരവും നിങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. സദ്ഗതിയെന്നു പറയുന്നത് സ്വർഗ്ഗത്തെയാണ്, ദുർഗതിയെന്നു പറയുന്നത് നരകത്തെയുമാണ്. സദ്ഗതി സ്വർഗ്ഗം തീർച്ചയായും സത്യയുഗവും, ദുർഗതി നരകം കലിയുഗവുമാണ്. നിങ്ങൾ കുട്ടികൾ എല്ലാവരെയും ക്ഷണിക്കുന്നു – ഈ കലിയുഗീ നരകത്തിൽനിന്ന് സത്യയുഗീ സ്വർഗ്ഗത്തിലേയ്ക്ക് പോകാം? സ്വർഗ്ഗത്തിനോടൊപ്പം സത്യയുഗമെന്ന അക്ഷരം തീർച്ചയായും വയ്ക്കണം അപ്പോൾ സ്വർഗ്ഗവും നരകവും വേറെ വേറെയായി മാറും. അല്ലെങ്കിൽ മനുഷ്യർ പറയുകയാണ് സ്വർഗ്ഗവും നരകവും ഇവിടെത്തന്നെയാണ്. സ്വർഗ്ഗത്തെയും നരകത്തെയും ഭാരതവാസികൾക്കു മാത്രമേ അറിയുകയുള്ളൂ. അവിടെപ്പോകുന്നത് ദേവീ–ദേവതാ ധർമ്മത്തിൽപ്പെട്ടവരാണെന്ന് ആർക്കും അറിയുകയില്ല. ഓരോരുത്തർക്കും അവനവന്റെ ധർമ്മവും ധർമ്മശാസ്ത്രവുമുണ്ട്. എങ്കിൽ ഓരോരുത്തരും തന്റെ ധർമ്മ ശാസ്ത്രം തന്നെ പഠിക്കുകയും വേണം. തന്റെ ധർമ്മ ശാസ്ത്രം മാത്രമേ മംഗളകാരിയാകുകയുള്ളൂ.

നിങ്ങൾ കുട്ടികൾ മനസ്സിലാക്കുകയാണ് നാം വളരെ ഉയർന്ന കുലത്തിൽപ്പെട്ടവരാണ്. നിങ്ങൾ ഏതുവരെയും മനുഷ്യർക്ക് ഡ്രാമയുടെ രഹസ്യത്തെ മനസ്സിലാക്കിക്കൊടുക്കുന്നില്ലയോ അതുവരേയും അവർ ഘോരമായ ഇരുട്ടിലായിരിക്കും, അതുകൊണ്ട് ഈ ചിത്രങ്ങളെ വെച്ച് പറഞ്ഞുകൊടുക്കണം. നിങ്ങളെല്ലാവരും യുഗങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നു, ചിത്രങ്ങളില്ലാതെ മനുഷ്യർക്ക് മനസ്സിലാകുകയില്ല. ബുദ്ധിയിലിരിക്കുക പോലുമില്ല. നിങ്ങൾ സ്കൂളിൽ ഭൂപടമില്ലാതെ ആരോടെങ്കിലും പറഞ്ഞു നോക്കൂ ഫ്രാൻസ് ഇവിടെ, ഇംഗ്ലണ്ട് അവിടെ – ഒന്നും മനസ്സിലാകുകയില്ല. അതുകൊണ്ട് ഈ കാര്യങ്ങളും ചിത്രങ്ങളില്ലാതെ ഒന്നും മനസ്സിലാകുകയില്ല. ചിത്രങ്ങളുടെ മുന്നിൽ നിർത്തിവേണം പറഞ്ഞുകൊടുക്കാൻ, ഇത് ഡ്രാമയാണ്. ഇപ്പോൾ പറയൂ നിങ്ങൾ എതു ധർമ്മത്തിൽപ്പെട്ടവരാണ്? നിങ്ങളുടെ ധർമ്മം എപ്പോഴാണ് വരുന്നത്? സത്യയുഗത്തിൽ ഏതു ധർമ്മമാണ്? ചിത്രങ്ങളിൽ എല്ലാം വളരെ വ്യക്തമായെഴുതിയിട്ടുണ്ട്. സത്യ–ത്രേതായുഗത്തിൽ സൂര്യവംശീ–ചന്ദ്രവംശികളുണ്ടായിരുന്നപ്പോൾ മറ്റു ധർമ്മങ്ങളൊന്നുമുണ്ടായിരുന്നില്ല. ഇപ്പോൾ ആ ദേവതാ ധർമ്മമില്ല, അതുകൊണ്ട് അതിന്റെ സ്ഥാപന ചെയ്യേണ്ടതുണ്ട്. ഇപ്പോൾ ലോകം പഴയതാണെങ്കിൽ തീർച്ചയായും പുതിയലോകത്തിന്റെ സ്ഥാപന നടക്കണം. പുതിയലോകത്തിൽ ലക്ഷ്മീ–നാരായണന്റെ രാജ്യമായിരുന്നു. ലക്ഷ്മീ–നാരായണന്റെ ചിത്രമാണ് മുഖ്യമായിട്ടുള്ളത്. ലക്ഷ്മീ–

നാരായണന്റെ പേര് പ്രസിദ്ധമാണ്, അവരുടെ വലിയ-വലിയ ക്ഷേത്രങ്ങളും ഉണ്ടാക്കുന്നു. ശിവനും അനേക പേര് നൽകി, അനേക ക്ഷേത്രങ്ങളുണ്ടാക്കിയിട്ടുണ്ട്. ശിവന്റെ പേരും പ്രസിദ്ധമാണ്. സോമ രസം കുടിപ്പിക്കുന്നവനാണ് അതുകൊണ്ട് സോമനാഥൻ എന്ന പേര് വെച്ചു. മനുഷ്യർ വളരെയധികം പേര് വെച്ചിട്ടുണ്ട്, അതുകൊണ്ട് മനസ്സിലാക്കിക്കൊടുക്കേണ്ടിയിരിക്കുന്നു. രുദ്രൻ, ശിവൻ, സോമനാഥൻ ഈ പേരുകളെല്ലാം എന്തുകൊണ്ടാണ് വെച്ചിട്ടുള്ളത്? ബദ്രീനാഥൻ എന്നതിന്റെ അർത്ഥമെന്താണ്? ഒന്നും അറിയാതെ വളരെയധികം പേരുകൾ വെച്ചിട്ടുണ്ട് അതുകൊണ്ട് മനുഷ്യർ ആശയക്കുഴപ്പത്തിലാണ്. ഇതിന്റെ യഥാർത്ഥ പേരു തന്നെ രുദ്ര ഗീതാ ജ്ഞാന യജ്ഞമെന്നാണ്. ബാബ പറയുകയാണ് എന്റെ ഈ ജ്ഞാന യജ്ഞത്തിൽ നിന്നാണ് വിനാശ ജ്വാല പ്രജ്ജ്വലിതമാകുന്നത്. ഇത് ഭഗവാനു വാചയാണ്. അതുകൊണ്ട് ആരെങ്കിലും വരുമ്പോൾ അവർക്ക് ആദ്യം ഗീതയെക്കുറിച്ചും മനസ്സിലാക്കിക്കൊടുക്കണം. അതിൽ എഴു തിയിട്ടുണ്ട് ഭഗവാനു വാചാ, എന്നെ മാത്രം ഓർക്കൂ എങ്കിൽ വികർമ്മവിനാശം നടക്കുകയും നിങ്ങൾ എന്റെ പക്കൽ എത്തിച്ചേരുകയും ചെയ്യും. അതാണ് പരിധിയില്ലാത്ത അച്ഛൻ, സ്വർഗ്ഗത്തിന്റെ രചയിതാവ്, ജീവൻ മുക്തിയുടേയും രചയിതാവ്. പേരു തന്നെ സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്ന*ഹെവൻലി ഗോഡ്ഫാ ദർ* എന്നാണ്. സ്വർഗ്ഗത്തിൽ താമസിക്കുന്നില്ല. സ്വർഗ്ഗം സ്ഥാപിക്കുന്നവനാണ് ഭഗവാൻ. സ്ഥാപനയുടെയും, വിനാശത്തിന്റെയും, പാലനയുടേയും കാര്യം ചെയ്യുന്നുവല്ലോ. അതുകൊണ്ട് ഇപ്പോൾ ബാബ പറയുക യാണ് പാർലൗകിക പിതാവായ എന്നെ ഓർമ്മിക്കൂ, സ്വയം അശരീരി ആത്മാവാണെന്നു മനസ്സിലാക്കൂ, അല്ലെങ്കിൽ എന്റെ പക്കൽ എങ്ങിനെ എത്തിച്ചേരും. ബാബ പറയുകയാണ് ഇത് നിങ്ങളുടെ അന്തിമ ജന്മ മാണ്, അതുകൊണ്ട് എന്നോടൊപ്പം യോഗം വെക്കുന്നതുകൊണ്ട് നിങ്ങളുടെ വികർമ്മം വിനാശമാകും. ഇതിനെ യോഗഅഗ്നി എന്നാണ് പറയുന്നത്. മനുഷ്യർ ആരോഗ്യത്തിനുവേണ്ടി അനേക പ്രകാരത്തിലുള്ള യോഗം പഠിപ്പിക്കുന്നു. ഇപ്പോൾ പാർലൗകിക പിതാവ് പറയുകയാണ് എന്നോടൊപ്പം യോഗം വെക്കു കയും ഈ ജ്ഞാനം ധാരണ ചെയ്യുകയും ചെയ്താൽ നിങ്ങളുടെ വികർമ്മം വിനാശമാകും, പിന്നെ ഞാൻ നിങ്ങൾക്ക് സത്യയുഗത്തിന്റെ, വൈകുണ്ഠത്തിന്റെ രാജ്യഭാഗ്യം നൽകും. എങ്കിൽ ഇത് അംഗീക രിക്കേണ്ടേ. ബാബ പറയുകയാണ് ഉറക്കത്തെ ജയിക്കുന്നവരായ കുട്ടികളേ, ഉറക്കത്തെ ജയിച്ച് ബാബ യുടെ ഓർമ്മയിലിരിക്കൂ, എന്തുകൊണ്ടെന്നാൽ നിങ്ങൾക്ക് എന്റെ അടുത്തേക്ക്, നിരാകാരി ലോകത്തി ലേക്ക് വരണം. കൃഷ്ണനാണെങ്കിൽ പറയുമായിരുന്നു, എന്റെ വൈകുണ്ഠത്തിലേക്ക് വരൂ. ആര് എവി ടെത്തെ നിവാസിയാണോ അവിടെത്തെ ലക്ഷ്യമാണല്ലോ കാണിക്കുക. നിരാകാരനായ അച്ഛൻ പറയുക യാണ് നിങ്ങളെന്നെ ഓർമ്മിക്കൂ എങ്കിൽ നിങ്ങൾ എന്റെ നിരാകാരി ലോകത്തിലേയ്ക്ക് വരും, എന്റെയടുത്ത് വരാനുള്ള ഒരേയൊരു വഴിയാണിത്. ഇപ്പോൾ നിങ്ങൾ കുട്ടികൾ മുഖവംശാവലികളാണ്. കുഖവംശാവ ലിയും മുഖവംശാവലിയും, അക്ഷരം വളരെ സഹജമാണ്. ഇപ്പോൾ നിങ്ങൾ പറയുകയാണ്, ബാബാ ഞാൻ അങ്ങയുടേതാണ്, ബാബ പറയുകയാണ്, ശരി കുട്ടികളേ, നിങ്ങൾ എന്റെയാണ്, അതുകൊണ്ട് ഇപ്പോൾ എന്റെ മതപ്രകാരം നടക്കൂ.

നിങ്ങൾ കുട്ടികൾക്കറിയാം ഭാരതം സ്വർഗ്ഗമായിരുന്നപ്പോൾ ബാക്കിയുള്ള ഇത്രയും ആത്മാക്കൾ എവിടെ യായിരുന്നു? മുക്തിധാമത്തിൽ. അവിടെ ഒരേയൊരു ധർമ്മമേയുണ്ടായിരുന്നുള്ളൂ, അതുകൊണ്ട് യാതൊരു മതഭേദങ്ങളുമില്ല. യുദ്ധത്തിന്റെയോ വഴക്കിന്റെയോ പേരുപോലുമില്ല. ഇവിടെയുള്ളവർ ഭാരതവും-ചൈ നയും സഹോദങ്ങളാണെന്ന് പറയുന്നുണ്ടെങ്കിലും, അങ്ങിനെയൊന്നുമല്ല. വഴക്കടിച്ചുകൊണ്ടേയിരിക്കു ന്നു. പറയുന്നുമുണ്ട് പതിത-പാവനൻ സീതാരാമനാണെന്ന്, അങ്ങിനെയാണെങ്കിൽ തീർച്ചയായും സ്വയം പതിതമാണ്, അപ്പോഴാണ് പാടുന്നത്. സത്യയുഗത്തിലാണെങ്കിൽ പാവനമായ ലോകമാണ്, അതുകൊണ്ട് അവിടെ അങ്ങിനെ പാടുകയില്ല. ഇത് പതിതമായ ലോകമാണ്, അതുകൊണ്ടാണ് പാടുന്നത്. പാവനമായ ലോകമെന്ന് സത്യയുഗത്തെയാണ് പറയുന്നത്, പതിത ലോകമെന്ന് പറയുന്നത് കലിയുഗത്തെയാണ്. ഇതും മനുഷ്യർക്ക് മനസ്സിലാകുന്നില്ല. എത്ര മലിനമായ ബുദ്ധിയാണ്! നമ്മളും മനസ്സിലാക്കിയിരുന്നില്ല. തമോ പ്രധാന ബുദ്ധിയാകുമ്പോൾ എല്ലാം മറന്നു പോകുന്നു. ബാബ പറയുകയാണ് നിങ്ങൾ തികച്ചും വിവേ കശൂന്യരായി മാറിയിരിക്കുകയാണ്. നിങ്ങളെത്ര വിവേകശാലികളായിരുന്നു. നിങ്ങൾ തന്നെയായിരുന്നു ദേവതകൾ, എത്ര സതോപ്രധാനമായിരുന്നു. ഇപ്പോൾ വിവേകശൂന്യ ശൂദ്ര, തമോപ്രധാനമായിരിക്കുക യാണ്. നിങ്ങൾ സ്വർഗ്ഗത്തിൽ എത്ര സുഖമനുഭവിച്ചു. നിങ്ങൾ ഭാരതവാസികളുടേത് ഉയർന്നതിലും ഉയർന്ന കുലമായിരുന്നു -ദേവീ-ദേവതകൾ. ഇപ്പോൾ നിങ്ങളെത്ര തുച്ഛ നരകവാസികളായിരിക്കുകയാ ണ്. ഇത് ബാബ തന്നെയാണ് വന്ന് തന്റെ കുട്ടികൾക്ക് പറഞ്ഞുതരുന്നത്. കുട്ടികൾ അനുഭവം ചെയ്യുക യാണ്, നമ്മൾ തീർച്ചയായും പൂജ്യ ദേവീ-ദേവതകളായിരുന്നു, പിന്നീട് പൂജാരിയായി മാറി. ബാബ എത്ര വിവേകശാലികളാക്കിയിരുന്നതാണ്, ഇപ്പോൾ വീണ്ടും ആക്കിക്കൊണ്ടിരിക്കുകയാണ്. ഈ കാര്യങ്ങളെല്ലാം രാത്രിയിൽ ചിന്തിച്ച് വളരെ സന്തോഷത്തിലിരിക്കേണ്ടതാണ്. അമൃതവേളയിൽ എഴുന്നേറ്റ് ബാബയെ ഓർമ്മിക്കൂ, ഈ ചിന്തനവും ചെയ്യൂ എങ്കിൽ വളരെ സന്തോഷമുണ്ടാകും. ചിലകുട്ടികൾ മുഴുവൻ ദിവസ

ത്തിലും ഒരു സെക്കന്റുപോലും ഓർമ്മയിലിരിക്കുന്നില്ല. ഇവിടെയിരുന്നു കേൾക്കുന്നു, പക്ഷെ ബുദ്ധി യോഗം വേറെ എവിടെയോ ആണ്. നിരാകാര പരമാത്മാവെന്ന് ആരെയാണ് പറയുന്നതെന്നും മനസ്സിലാ ക്കുന്നില്ല. സ്കൂളുകളിൽ ചില കുട്ടികൾ രണ്ടു മൂന്നു പ്രാവശ്യം തോറ്റുപോകുന്നു. പിന്നീട് പഠിക്കാൻ കഴിയുന്നില്ലായെങ്കിൽ സ്കൂളേ വിട്ടുപോകുന്നു. ഇവിടെയും പഠനം മനസ്സിലാകുന്നില്ലായെങ്കിൽ വിട്ടു പോകുന്നു. മായ വളരെ ശക്തിയോടെ അടിക്കുന്നു. വികാരത്തിന്റെ ഇടികൊള്ളുകയാണെങ്കിൽ എല്ലാം കഴിഞ്ഞു. മായ അത്രയും പ്രബലമാണ്, വളരെ ശക്തിശാലിയാണ്. നിങ്ങളുടെ മല്ലയുദ്ധം മറ്റു മനുഷ്യ രോടല്ല, മായയുമായിട്ടാണ്. നമ്മൾ മായയുടെ മുകളിൽ വിജയം പ്രാപ്തമാക്കുന്നു. ഇതിന് നിങ്ങൾ കുട്ടി കൾക്ക് വളരെ പുരുഷാർത്ഥം ചെയ്യണം. കഴിയുന്നത്രയും രാത്രിയെഴുന്നേറ്റ് വിചാരസാഗരമഥനം ചെയ്യ ണം. പ്രാക്ടീസായിമാറും. ഭഗവാനുവാച, സർവ്വകുട്ടികളെ പ്രതിയുമാണ്, അർജ്ജുനനോട് മാത്രമല്ല. എല്ലാവരും യുദ്ധക്കളത്തിലാണ്. ബാബ എല്ലാകുട്ടികളോടും പറയുകയാണ്, രാത്രിയിലെഴുന്നേറ്റ് അതി സ്നേഹിയായ *(മോസ്റ്റ് ബിലവഡ്)* ബാബയെ ഓർമ്മിക്കൂ, എങ്കിൽ വികർമ്മ വിനാശം നടക്കും മാത്രമല്ല, ജ്ഞാനത്തിന്റ ധാരണയുമുണ്ടാകും. ഇല്ലെങ്കിൽ ഒട്ടും തന്നെ ധാരണയുണ്ടാകുകയില്ല. എന്റെ ആജ്ഞയെ ലംഘിക്കുകയാണെങ്കിൽ, എന്നെ ഓർമ്മിക്കുന്നില്ലായെങ്കിൽ വളരെയധികം ശിക്ഷകളനുഭവിക്കേണ്ടി വരും. ഈശ്വരീയ നിർദ്ദേശമല്ലേ ലഭിക്കുന്നത്. ഞാൻ നിങ്ങളുടെ അതി മധുരതയുള്ള അച്ഛനാണ്, എന്നെ ഓർമ്മി ക്കുന്നതിലൂടെ എന്റെ പക്കലെത്തിച്ചേരും. ശിക്ഷകളനുഭവിച്ചു വരികയെന്നത് ശരിയല്ലല്ലോ. നേരിട്ടു വരിയാണെങ്കിൽ ബഹുമതി ലഭിക്കും, അതുകൊണ്ട് എന്റെ ആജ്ഞയെ ലംഘിക്കരുത്. ആജ്ഞയെ മാനി ക്കാത്തവരെ നിന്ദകരെന്നാണ് പറയുന്നത്. ഇത് സത്യമായ ബാബയും, സത്യമായ ഗുരുവുമാണ്. അപ്പോൾ ആജ്ഞ പാലിക്കുകയും വേണമല്ലോ. ശിവബാബ അതി മധുരവാനാണ്. ആത്മാവിനേയും ശരീരത്തേയും സ്വർണ്ണിമമാക്കിത്തരുന്നു. സ്വർണ്ണിമ ശരീരമെന്ന് വെറും ആരോഗ്യത്തെയല്ല സൂചിപ്പിക്കുന്നത്. ആത്മാവും പവിത്രം ശരീരവും പവിത്രം, അതിനെയാണ് സ്വർണ്ണിമ ശരീരമെന്നു പറയുന്നത്. ദേവതകളുടേത് സ്വർണ്ണിമ ശരീരമായിരുന്നു. ഇപ്പോൾ എല്ലാവരുടേയും അഴുക്കുപിടിച്ച ശരീരമാണ്. 5 തത്വങ്ങളും തമോപ്രധാന മാണ്, നോക്കൂ അതുകൊണ്ടുള്ള ശരീരവും എങ്ങിനെയാണ്. ഓരോ മുഖവും നോക്കൂ, എങ്ങിനെയാണ്. കൃഷ്ണന്റെയാണെങ്കിൽ വളരെ മഹിമയുണ്ട്. അങ്ങിനെയുള്ള ശരീരം നിങ്ങൾക്ക് സ്വർഗ്ഗത്തിൽ ലഭിക്കും. ഇപ്പോൾ നിങ്ങൾ വീണ്ടും അങ്ങിനെയുള്ള ദേവതയായി മാറുകയാണ്. അതുകൊണ്ട് മുഖ്യമായ കാര്യ മാണ് രാത്രിയെഴുന്നേറ്റ് ഓർമ്മിയിലിരിക്കുകയാണെങ്കിൽ അഭ്യാസമാകും. ഉറക്കത്തെ കുറക്കണം. അഭ്യാസം ചെയ്യുകയാണെങ്കിൽ എല്ലാം സാധിക്കും. ബിസിനസ്സ്, റൊട്ടിയുണ്ടാക്കൽ, പാചകം ചെയ്യൽ, എല്ലാം അഭ്യാസം കൊണ്ടാണല്ലോ പഠിക്കുന്നത്. ബാബയെ ഓർമ്മിക്കാനും പഠിക്കണം. ആരെയാണോ മുഴുവൻ കല്പവും മറന്നത്, ഇപ്പോൾ അദ്ദേഹത്തെ ഓർമ്മിക്കണം. അപ്പോൾ ബാബയും സന്തോഷി ക്കും. അല്ലെങ്കിൽ പറയും ഈ കുട്ടി വിശ്വസ്തനും ആജ്ഞ പാലിക്കുന്നവനുമല്ല. പിന്നീട് വളരെ ശിക്ഷ കളനുഭവിക്കേണ്ടിവരും. അവരുടെ ഭാഗ്യത്തിൽ ശിക്ഷയുമുണ്ട്. ഇവിടെ ആരെങ്കിലും അരോടെങ്കിലും അല്പം ദേഷ്യപ്പെടുകയാണെങ്കിൽ വഴക്കടിക്കുന്നു, അവിടെ ധർമ്മരാജൻ ശിക്ഷ നൽകുമ്പോൾ എന്തെ ങ്കിലും ചെയ്യാൻ കഴിയുമോ? ഏതുപോലെ ജയിലിൽ സർക്കാർ ചിലരെക്കൊണ്ട് യാതൊരു പ്രതിഫല വും നൽകാതെ വളരെയധികം പണി ചെയ്യിപ്പിക്കുന്നു, ചിലരെക്കൊണ്ട് യതൊരു പണിയും ചെയ്യിപ്പിക്കു ന്നില്ല, ചിലർക്ക് വളരെയധികം അദ്ധ്വാനിക്കേണ്ടി വരുന്നു. ധർമ്മരാജ പുരിയിലും ധർമ്മരാജൻ ശിക്ഷ നൽകുമ്പോൾ ഒന്നും ചെയ്യാൻ കഴിയുകയില്ല. ഉള്ളിന്റെയുള്ളിൽ മനസ്സിലാക്കും ഇത് എന്റെ തന്നെ കുറ്റ മാണ് അതുകൊണ്ടാണ് ശിക്ഷ കിട്ടിയത്. ഇവിടെയും ഫീൽ ചെയ്യും ഞാൻ ബാബയുടെ നിർദ്ദേശത്തെ മാനിച്ചില്ല അതുകൊണ്ടാണ് ശിക്ഷ അനുഭവിക്കേണ്ടി വരുന്നത്, അതുകൊണ്ട് ബാബ പറയുകയാണ് കഴി യുന്നത്രയും എന്നെ ഓർമ്മിക്കൂ. ശരി.

നോക്കൂ, ഭാരതത്തിൽ എല്ലാവർക്കും എത്ര അവധിയാണോ ലഭിക്കുന്നത് അത്രയും അവധികൾ വേറെ ആർക്കും ലഭിക്കുന്നില്ല. എന്നാൽ ഇവിടെ നമുക്ക് ഒരു സെക്കന്റിന്റെ പോലും ഒഴിവില്ല, എന്തുകൊണ്ടെ ന്നാൽ ബാബ പറയുകയാണ് ഓരോ ശ്വാസത്തിലും എന്നെ ഓർമ്മിക്കൂ. ഓരോ ശ്വാസവും വളരെ വില പിടിച്ചതാണ്. കുട്ടികൾക്ക് രാവും പകലും ബാബയുടെ സേവനത്തിൽ മുഴുകിയിരിക്കണം.

നിങ്ങൾക്ക് സർവ്വശക്തവാനായ ബാബയോടാണോ പ്രിയം അതോ ബാബയുടെ രഥത്തിനോടാണോ? അതോ രണ്ടിനോടുമുണ്ടോ? തീർച്ചയായും രണ്ടുപേരോടും വേണം. ബുദ്ധിയിലുണ്ടാകും ബാബ ഈ രഥത്തിലാണ്. ബാബ കാരണം നിങ്ങൾ ഇദ്ദേഹത്തിന്റെയും പ്രേമിയായിരിക്കുകയാണ്. ശിവക്ഷേത്രങ്ങ ളിലും കാളയെ വെക്കാറുണ്ട്. അതും പൂജിക്കപ്പെടുന്നു. എത്ര ഗുഹ്യമായ കാര്യങ്ങളാണ്, ദിവസേന കേൾക്കാത്തവർക്ക് ഏതെങ്കിലും പോയന്റുകൾ നഷ്ടമാകുന്നു. ദിവസേന കേൾക്കുന്നവർ ഒരിക്കലും തോൽക്കുകയില്ല. നല്ല സ്വഭാവവും ആയിരിക്കും. ബാബയെ ഓർമ്മിക്കുന്നതിൽ വളരെയധികം ലാഭമുണ്ട്.

അതിലും വലിയ ലാഭമാണ് ബാബ നൽക്കുന്ന ജ്ഞാനത്തെ ഓർമ്മിക്കുന്നതിൽ. യോഗത്തിലും പ്രോഫിറ്റ് (ലാഭം), ജ്ഞാനത്തിലും പ്രോഫിറ്റ്. ബാബയെ ഓർമ്മിക്കുന്നതിലൂടെ വികർമ്മങ്ങളുടെ വിനാശവും നടക്കുന്നു, ഉയർന്ന പദവിയും ലഭിക്കുന്നു. ബാബ വസിക്കുന്ന സ്ഥലമാണ് മുക്തിധാം, ബ്രഹ്മലോകം. എന്നാൽ ഏറ്റവും ശ്രേഷ്ഠമായത് ഈ ബ്രാഹ്മണലോകമാണ്. ബ്രാഹ്മണർ തീർച്ചയായും പൂണൂൽ ധരിക്കുന്നു, കുടുമയും വെക്കുന്നു എന്തുകൊണ്ടന്നാൽ ബാബ നമ്മൾ ബ്രാഹ്മണരെ കുടുമയിൽ പിടിച്ചാണ് കൊണ്ടുപോകുത്. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ശരീരത്തെയും ആത്മാവിനെയും സ്വർണ്ണിമമാക്കി മാറ്റാൻ ബാബയെ ഓർമ്മിക്കുന്നതിന്റെ സ്വഭാവത്തെ ധാരണ ചെയ്യണം. ഒരിക്കലും ആജ്ഞയെ ലംഘിക്കരുത്.

2) പഠിക്കുന്ന സമയം ബുദ്ധി അങ്ങോട്ടുമിങ്ങോട്ടും പോകുന്നുണ്ടോ എന്ന് ചെക്കുചെയ്യണം. ഒരു കാരണവശാലും പഠനം മുടക്കരുത്.

### വരാദാനം:- സർവ്വ ആത്മാക്കൾക്കും ശുഭ ഭാവനാ, ശുഭ കാമനയുടെ അഞ്ജലി നൽകുന്ന സത്യമായ സേവാധാരിയായി ഭവിക്കൂ

കേവലം ശബ്ദം കൊണ്ടുള്ള സേവനം മാത്രമല്ല സേവനം, ശുഭ ഭാവനാ, ശുഭ കാമന വയ്ക്കുന്നതും സേവനമാണ്. ബ്രാഹ്മണരുടെ ജോലി തന്നെയാണ് ഈശ്വരീയ സേവനം. എവിടെ വസിച്ചുകൊണ്ടും സേവനം ചെയ്തുകൊണ്ടിരിക്കൂ. ആര് എങ്ങനെയായാലും, പക്കാ രാവണൻ തന്നെയാകട്ടെ, ആരെങ്കിലും താങ്കളെ ചീത്ത വിളിച്ചാലും താങ്കൾ അവർക്ക് തന്റെ ഖജനാവിൽ നിന്ന്, ശുഭ-ഭാവനാ, ശുഭ-കാമനയുടെ അഞ്ജലി തീർച്ചയായും നൽകൂ, അപ്പോൾ പറയും സത്യമായ സേവാധാരി.

### സ്ലോഗൻ:- പവിത്രത തന്നെയാണ് ബ്രാഹ്മണ ജീവിതത്തിന്റെ മുഖ്യമായ അടിത്തറ, ധർത്തി പിളർന്നാലും ധർമ്മം വെടിയരുത്.